പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2152 — 8.3.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും, കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനും, അവ മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ഏറ്റവും കാതലായ അടിസ്ഥാന സൗകര്യ വികസനത്തിനാണ് വകുപ്പ് ഊന്നൽ നൽകുന്നത്. സംസ്ഥാന/ജില്ലാതല ഓണം വാരാഘോഷം, നിശാഗന്ധി ഫെസ്റ്റിവൽ, നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉത്സവം എന്നിവയ്ക്ക് പുറമെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന ജലോത്സവങ്ങൾ, വള്ളംകളികൾ, സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തി വരുന്നു. ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി RT Mission പ്രവർത്തനം നടത്തുന്നു. ഹൗസ് ബോട്ടുകളിൽ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തി |

| | | | |
|---|---|---|---|
| | | | വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സഞ്ചാരികൾക്കാവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, ബോധവത്ക്കരണം എന്നിവയും സുരക്ഷയുടെ ഭാഗമായി ലൈഫ് ഗാർഡുകളുടെ സേവനം, പോലീസ് എയ്ഡ് പോസ്റ്റ്, ടൂറിസം പോലീസിന്റെ സേവനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത്.<br>ടൂറിസം മാർക്കറ്റിംഗ് ലക്ഷ്യമിട്ട് വിവിധ വിദേശ രാജ്യങ്ങളിൽ ടൂറിസം വകുപ്പ് വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ വിദേശ രാജ്യങ്ങളിൽ നടക്കുന്ന പ്രധാനപ്പെട്ട ടൂറിസം ഫെയറുകളിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പാക്കുന്നുണ്ട്. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. വിനോദ സഞ്ചാരികളെയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്നു. യൂറോപ്പിലെ പ്രധാന ചാനലുകളായ യൂറോ ന്യൂസ്, സ്കൈ ന്യൂസ് എന്നിവയിലും യൂറോപ്പിലേയും മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലെയും പ്രധാന ടിവി ചാനലായ സിഎൻഎൻ-ലും കേരള ടൂറിസം പരസ്യം പ്രൈംടൈമിൽ സംപ്രേഷണം ചെയ്തിട്ടുണ്ട്. വിദേശ രാജ്യങ്ങളായ സ്വീഡൻ, യു.കെ, സ്പെയിൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ വിവിധ മാസികകളിൽ കേരള ടൂറിസം പ്രചരണത്തിന്റെ ഭാഗമായി പരസ്യം പ്രസിദ്ധീകരിച്ചു. ആസ്ട്രേലിയയിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അച്ചടി മാധ്യമങ്ങളിലും ടെലിവിഷൻ |

| | | | |
|---|---|---|---|
| | | | മാധ്യമങ്ങളിലും അവിടുത്തെ ട്രാമുകളിലും കേരള ടൂറിസം പരസ്യപ്രചരണം നടത്തിയിട്ടുണ്ട്. കൊച്ചി, മുസിരിസ് ബിനാലെ ക്യാമ്പയിന്റെ ഭാഗമായാണ് വിദേശ രാജ്യങ്ങളിൽ പരസ്യങ്ങൾ നൽകിയിട്ടുളളത്. ആസ്ട്രേലിയയിലെ പ്രധാന നഗരങ്ങളായ സിഡ്നി, മെൽബൺ എന്നിവിടങ്ങളിലെ ചാനൽ 7-ൽ ആണ് പരസ്യം നൽകിയത്. |
| ബി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് അഡ്വഞ്ചർ ടൂറിസം നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | • കയാക്കിംഗ്- എറണാകുളം, കണ്ണൂർ, ചാലിയാർ പുഴ, കോഴിക്കോട്<br>• ട്രെക്കിംഗ്-വയനാട്, തേക്കടി, അഗസ്ത്യാർകൂടം<br>• പാരാമോട്ടാർ ഗ്ലൈഡിംഗ്-ആലപ്പുഴ, കണ്ണൂർ<br>• സ്കൂബാ ഡൈവിംഗ്- കോവളം, എറണാകുളം<br>• സിപ് ലൈൻ-വയനാട്, ഇടുക്കി<br>• വൈറ്റ് വാട്ടർ റാഫ്റ്റിംഗ്-കോഴിക്കോട്, കണ്ണൂർ<br>• അഡ്വഞ്ചർ പാർക്ക്-ജഡായു എർത്ത് സെന്റർ |

**സെക്ഷൻ ഓഫീസർ**